**ശ്രദ്ധക്ഷണിക്കൽ**

## 1. കശുവണ്ടിത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. 95 ശതമാനത്തോളം വനിതകൾ മാത്രം പണിയെടുക്കുന്ന പ്രധാനപ്പെട്ട മേഖലയാണ് കശുവണ്ടി വ്യവസായ മേഖല. ഈ ജോലി ചെയ്യുന്ന തൊഴിലാളികളെല്ലാം ഇന്ന് വളരെ ബുദ്ധിമുട്ടിലാണ്. കാരണം, ഒരു കാലഘട്ടത്തിൽ കേരളത്തിൽ 850 കശുവണ്ടി ഫാക്ടറികൾ നിലവിലുണ്ടായിരുന്നു. എന്നാൽ നൂറിൽ താഴെ ഫാക്ടറികൾ മാത്രമേ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുള്ളൂ. കുന്നത്തൂർ, കൊട്ടാരക്കര, കുണ്ടറ, ചടയമംഗലം, പുനലൂർ, ചാത്തന്നൂർ തുടങ്ങിയ മേഖലളിൽ ധാരാളം കശുവണ്ടി ഫാക്ടറികളുണ്ട്. സ്വകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികൾ കുറച്ച് മാത്രമേ തുറന്ന് പ്രവർത്തിക്കുന്നുള്ളൂ. ബാക്കിയെല്ലാം അടച്ചിട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കശുവണ്ടി തൊഴിലാളികൾക്ക് കിട്ടേണ്ടുന്ന ആനുകൂല്യങ്ങൾ

കിട്ടുന്നില്ല. 78 ദിവസം തുടർച്ചയായി ജോലി ചെയ്താൽ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യമുണ്ട്. എന്നാൽ ഇപ്പോൾ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നില്ല. അത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഭാഗമായി ഈ വ്യവസായ രംഗം പൂർണ്ണമായും തകർച്ചയിലേയ്ക്കുപോകും. അതാണ് നമുക്ക് കാണാൻ കഴിയുന്നത്. കേന്ദ്രസർക്കാർ ഇറക്കുമതി നയം പ്രഖ്യാപിച്ചപ്പോൾ വിദേശ രാഷ്ട്രങ്ങളിൽ നിന്ന്, പ്രത്യേകിച്ച് ആഫ്രിക്കൻ രാഷ്ട്രങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ വരവ് കുറഞ്ഞു. അതുമാത്രമല്ല തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ കശുവണ്ടി വ്യവസായം ആരംഭിക്കുകയും ചെയ്തു. അതോടുകൂടി കശുവണ്ടി വ്യവസായത്തിന്റെ ഒഴുക്ക് ഇങ്ങോട്ടേയ്ക്ക് പൂർണ്ണമായും നിലച്ചിരിക്കുന്ന സാഹചര്യമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെ കൂടുതൽ പരിപ്പ് കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നു. അത് നല്ല രീതിയിൽ പ്രോസ്സസ് ചെയ്ത് കയറ്റിയയ്ക്കുന്ന ജോലിയാണ് കേരളത്തിലെ ചെറിയ ഫാക്ടറികളിൽ ഇപ്പോൾ നടക്കുന്നത്. കേരളത്തിലെ പാവപ്പെട്ട അമ്മമാരും സഹോദരിമാരും രാവിലെ എട്ട് മണി മുതൽ വൈകിട്ട് അഞ്ചുമണി വരെ ജോലിയെടുക്കുന്ന ഒരു വലിയ

പൊതുമേഖലാ സ്ഥാപനമാണ് കേരളത്തിലെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ. കശുവണ്ടി വികസന കേർപ്പറേഷൻ ഫാക്ടറികൾ 30 എണ്ണവും കാപ്പക്സിന്റെ നിയന്ത്രണത്തിലുള്ള 10 ഫാക്ടറികളും വളരെ തുടർച്ചയായി പ്രവൃത്തിച്ചുവരികയാണ്. പ്രവൃത്തി ദിനം വർദ്ധിപ്പിക്കണമെന്നത് പ്രധാനപ്പെട്ട ആവശ്യമാണ്. ഇപ്പോൾ ഒരു വർഷം ഏകദേശം നൂറ്-നൂറ്റമ്പത് ദിവസങ്ങൾ മാത്രമേ ഈ മേഖലകളിൽ ജോലി ലഭിക്കുന്നുള്ളൂ. ഒരു കാലഘട്ടത്തിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ 250 ദിവസം വരെ കശുവണ്ടിത്തൊഴിലാളികൾക്ക് ജോലിയുണ്ടായിരുന്നു. ആ കാലം വീണ്ടും തിരിച്ചുകൊണ്ടുവരണം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നല്ല പരിശ്രമമാണ് നടത്തുന്നത്. കശുവണ്ടി മുതലാളിമാർ ഫാക്ടറി അടച്ചിടാൻ കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. സാമ്പത്തിക പ്രതിസന്ധി എങ്ങനെ തരണം ചെയ്യാമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഫാക്ടറി ഉടമകളോട് ചർച്ച നടത്തുകയുണ്ടായി. ബാങ്കുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ, ലോണുകളുടെ വിഷയങ്ങൾ

എന്നിവയുണ്ടായിരുന്നു. അതൊക്കെ ഒരു പരിധി വരെ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും തുക ഇതുവരെ കൊടുത്തിട്ടില്ല. ഗ്രാറ്റുവിറ്റിയുടെ കാര്യവും സൂചിപ്പിക്കേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വന്നപ്പോൾ 2020 വരെയുള്ള ഗ്രാറ്റുവിറ്റിയാണ് ഇപ്പോൾ കൊടുക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഗ്രാറ്റുവിറ്റിയുടെ കാര്യമേ അവർ ചിന്തിച്ചിട്ടില്ല. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, പ്രസവാനുകൂല്യം തുടങ്ങിയവ നൽകിയിരുന്നില്ല. മുൻകാലഘട്ടത്തിൽ ഒരു കശുവണ്ടിത്തൊഴിലാളി മരിച്ചാൽ മരണഫണ്ട് നൽകിയിരുന്നു. പ്രസ്തുത സ്കീം കേന്ദ്രസർക്കാർ എടുത്തുമാറ്റി. കേരളത്തിന്റെ ഒരു പൊതുവായ സ്ഥിതി ഞാൻ സൂചിപ്പിച്ചതാണ്. ഇത്തരത്തിലുള്ള ഒരു ദുഃസ്ഥിതി നമ്മുടെ കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ട് പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ്.

കേരളത്തിൽ ധാരാളം ഭൂമി തരിശ്ശായി കിടക്കുകയാണ്. അത്തരം പ്രദേശങ്ങളിലെ യൂക്കാലിയും അക്കേഷ്യേ മരങ്ങളും മുറിച്ചുമാറ്റി കശുമാവ് തൈ നട്ടാൽ കേരളത്തിൽ പുതിയ ഉൽപ്പന്നങ്ങൾ രൂപീകരിക്കാനും വ്യവസായ

സ്ഥാപനങ്ങൾ ആരംഭിക്കാനും കഴിയും. ഇപ്പോൾ കോഴിക്കോടും കണ്ണൂരും ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി നേരെ തമിഴ്നാട്ടിലേയ്ക്കാണ് പോകുന്നത്, ഇവിടെ ലഭിക്കുന്നില്ല. ഇത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതുകാരണം പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾ ജോലിയെടുക്കുന്ന ഫാക്ടറികൾ പലപ്പോഴും അടഞ്ഞുകിടക്കുന്ന അവസ്ഥയാണുള്ളത്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ആകെ പ്രവർത്തിക്കുന്നത് കാപെക്സിന്റെയും സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും ഫാക്ടറികൾ മാത്രമാണ്. അവിടെ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. എന്നാൽ സ്വകാര്യ മുതലാളിമാർ നടത്തികൊണ്ടിരിക്കുന്ന പല ഫാക്ടറികളും അടച്ചിട്ടിരിക്കുകയാണ്. കൊല്ലത്ത് VLC എന്ന കമ്പനിയുടെ ഉടമസ്ഥതയിലാണ് ഏറ്റവും കൂടുതൽ ഫാക്ടറികളുള്ളത്. ആ ഗ്രൂപ്പ് ഇപ്പോൾ പൂർണ്ണമായും അടച്ചിട്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽതന്നെ VLC ഗ്രൂപ്പിന്റെ മൂന്ന് ഫാക്ടറികളുണ്ട്. എത്രയോ വർഷക്കാലമായി മൂന്ന് ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. വലിയ പ്രതിസന്ധിയാണ് ഈ മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ പ്രതിസന്ധി മാറ്റാൻ ബഹുമാന്യനായ മന്ത്രി മുൻകൈയ്യെടുക്കുമെന്നാണ് വിശ്വസിക്കുന്നത്.

കഴിഞ്ഞകാലങ്ങളിൽ അങ്ങ് ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം നിരവധിട് മാറ്റങ്ങൾ അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾക്കൂടി തുറന്നു പ്രവൃത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗൗരവമേറിയ വിഷയമാണ് ബഹുമാന്യനായ കോവൂർ കുഞ്ഞുമോൻ ഉയർത്തിയിട്ടുള്ളത്. കശുവണ്ടി മേഖലയിൽ പരമാവധി സ്ത്രീകൾ ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ള മേഖലയാണ്. എന്നാൽ ഈ മേഖലയിൽ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി വലിയ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. അതിൽ പ്രധാനമായും തോട്ടണ്ടി ഇറക്കുമതിയിൽ ചുങ്കം വന്നതുകൊണ്ടുണ്ടായ മാറ്റമാണ്. കോവിഡ് മഹാമാരിപോലെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽവന്ന കുറവുകാരണം കശുവണ്ടി ഉൽപ്പാദനത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. അതുകൂടാതെ ഏറ്റവും ഉയർന്ന ഉൽപ്പാദന ചെലവും കേരളത്തിലാണുള്ളത്. ഇതിന്റെയെല്ലാം ഭാഗമായി ഈ മേഖല വലിയ പ്രതിസന്ധിയാണ്

അഭിമുഖീകരിക്കുന്നത്. അത് കൈകാര്യം ചെയ്യുന്നതിനുവേണ്ടി പല നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായും മാറ്റമുണ്ടായിട്ടുണ്ടെന്ന് പറയാൻ കഴിയില്ലെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യത എങ്ങനെ ഉറപ്പുവരുത്താൻ കഴിയുമെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷം 14000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ വന്നതിനുശേഷം ഏറ്റവും ഉയർന്ന തോട്ടണ്ടി ഇറക്കുമതിയാണ് ഉണ്ടായിരിക്കുന്നത്. ഇതിനുവേണ്ടി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും 293.31 കോടി രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 138 തൊഴിൽദിനവും കാപ്പെക്സിൽ 154 തൊഴിൽദിനവും നൽകാൻ കഴിഞ്ഞു. ഈ വർഷവും നാൽപ്പതുകോടി എൺപത്തിയൊന്ന് ലക്ഷം രൂപ കശുവണ്ടി ഇറക്കുമതിക്കുവേണ്ടി  വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ചെറിയ സംരംഭങ്ങൾക്ക് നാൽപ്പതുലക്ഷം രൂപവരെ രണ്ടു ഘടകങ്ങളായി പ്രത്യേക സഹായം നൽകുന്നുണ്ട്. സ്ഥിരാസ്ഥി ആർജ്ജിക്കുന്നതിനുവേണ്ടി

ചെലവാകുന്ന തുകയിൽ നാൽപ്പതുശതമാനം തുക ജനറൽ വിഭാഗത്തിനും പട്ടികജാതി-പട്ടികവർഗ്ഗം അല്ലെങ്കിൽ യുവതീ-യുവാക്കൾ ആണെങ്കിൽ പത്തുശതമാനം മുതൽ അമ്പതുശതമാനംവരെ പരമാവധി നാൽപ്പതുലക്ഷം രൂപവരെ ഗ്രാന്റ് നൽകുന്നുണ്ട്. കശുവണ്ടി ഫാക്ടറികൾ എടുത്തിട്ടുള്ള വായ്പയുടെ പലിശ അമ്പതുശതമാനവും പരമാവധി അമ്പതുലക്ഷം രൂപവരെ സർക്കാർ പലിശയിളവ് നൽകുന്ന പദ്ധതിക്കുവേണ്ടി 2.69 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ബാങ്കുകളിൽനിന്നും വായ്പയെടുത്തത് പരിഹരിക്കാൻ OTS രണ്ടുകോടി രൂപവരെ വായ്പ എടുത്തവർ ആണെങ്കിൽ പലിശയും പിഴ പലിശയുമെല്ലാം എഴുതിതള്ളി ഒരുകോടിരൂപ അടച്ചാൽ മതിയെന്ന സ്കീം ബാങ്കുകൾ അംഗീകരിച്ചു. രണ്ടുകോടി രൂപയ്ക്കും പത്തുകോടി രൂപയ്ക്കും ഇടയ്ക്കാണെങ്കിൽ എടുത്ത വായ്പയുടെ 60 ശതമാനം മാത്രം അടച്ചാൽ മതിയാകും. എന്നാൽ അതിന്റെ പത്തുശതമാനം ആദ്യംതന്നെ അടയ്ക്കേണ്ടതുണ്ട്. ഇത് വളരെ അഭിനന്ദനം ലഭിച്ച സ്കീമാണെങ്കിൽപോലും ഈ പത്തുശതമാനം അടയ്ക്കാൻതന്നെ മിക്കവാറും കശുവണ്ടി കമ്പനികൾക്ക് കഴിയുന്നില്ല. ഇത് ഞങ്ങൾ ചുമതലയേറ്റ ആദ്യത്തെ വർഷംതന്നെ ചർച്ച ചെയ്ത്

ഏർപ്പെടുത്തിയ സ്കീമാണെങ്കിലും ഇപ്പോൾ അത് 2024 ഡിസംബർ 31 വരെ നീട്ടി നൽകിയിട്ടുണ്ട്. ബാങ്കുകൾ പൊതുവെ നല്ല സമീപനമാണ് സ്വീകരിക്കുന്നത്. കാത്തലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക് അങ്ങനെ ചില ബാങ്കുകൾ ഈ സ്കീമിലേയ്ക്ക് വന്നില്ലെങ്കിലും പൊതുവെ ബാങ്കുകൾ നല്ല സമീപനമാണ് സ്വീകരിക്കുന്നത്. പക്ഷേ പത്തുശതമാനം തുകപോലും അടയ്ക്കാൻ കഴിയാത്ത പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ഈ പ്രതിസന്ധികൾക്കിടയിലും ട്രേഡ് യൂണിയനുകളുടെ ആവശ്യപ്രകാരം ഇരുപത്തിയൊന്ന് ശതമാനം കൂലിയും ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കാഷ്യു കോർപ്പറേഷനും കാപ്പെക്സും കൊടുക്കുന്നുണ്ടെങ്കിലും ചില ഫാക്ടറികൾ അടച്ചുപൂട്ടലിലേയ്ക്ക് പോകുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്തായാലും സർക്കാർ ഈ മേഖലയെ സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കശുവണ്ടി മേഖല നിലനിർത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുംവേണ്ടി എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയെന്താണ്? മുപ്പതുകോടി

രൂപയുടെ പാക്കേജ് അങ്ങ് ഇവിടെ പ്രഖ്യാപിച്ചിരുന്നു. അതിന്റെ സ്ഥിതി വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, എക്സ്പെർട്ട് കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകുകയും ആ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിലൊന്നാണ് അങ്ങ് പറഞ്ഞ മുപ്പതുകോടിരൂപയുടെ പാക്കേജ്. അതിൽ ഇരുപതുകോടിരൂപ തൊഴിലാളികളുടെ PF, ESI തുടങ്ങിയ statutory മുതലാളിമാരുടെ വിഹിതം അടയ്ക്കാൻ ആദ്യമായി സർക്കാർ ഏറ്റെടുക്കുന്നതാണ് ഒരു ഭാഗം. നിലവിലെ ഷെല്ലിംഗ് മോഡേണൈസേഷനുവേണ്ടി അഞ്ചുകോടിരൂപയാണ്. നേരത്തെ അങ്ങ് പറഞ്ഞതുപോലെ സ്ത്രീകളാണ് കൂടുതൽ ഈ മേഖലയിൽ ഉള്ളതെന്നതുകൊണ്ട് സ്ത്രീ-സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വകാര്യ വ്യവസായങ്ങൾക്ക് അഞ്ചുകോടി രൂപ എന്നിങ്ങനെ മുപ്പതുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിനുള്ള അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പും

വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അത് ലഭിക്കുന്ന മുറയ്ക്കുതന്നെ നമുക്ക് സ്കീം നടപ്പാക്കാൻ കഴിയും.

(2) എടരിക്കോട് ടെക്സ്റ്റൈൽസും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡും നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളുടെ ശോചനീയാവസ്ഥയെ സംബന്ധിച്ചും അത് പുനരുദ്ധരീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

എടരിക്കോട് ടെക്സ്റ്റൈൽസ് (സ്പിന്നിംഗ് മിൽ) വളരെ നല്ല രീതിയിൽ ആരംഭിച്ച സ്ഥാപനമാണ്. 1995-ലും അതിനുമുമ്പ് 1986-ലും നല്ല പ്രതീക്ഷയോടുകൂടി ആരംഭിച്ച സ്ഥാപനമാണ്. ഇപ്പോഴത്തെ സ്ഥിതിയെന്ന് പറയുന്നത് raw materials ലഭ്യമല്ലാത്തതുകൊണ്ടും മറ്റുകാരണങ്ങളാലും ഇത് പൂട്ടികിടക്കുകയാണ്. അങ്ങ് രണ്ട് ദിവസം മുമ്പ് ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് സ്പിന്നിംഗ് മിൽ തുറക്കുന്നത് നഷ്ടമാണ് എന്നാണ്. സ്പിന്നിംഗ്

മില്ലുകൾ അത്രയും പ്രയാസകരമായ രീതിയിലാണ് മുന്നോട്ടുപോകുന്നതെന്ന് അങ്ങ് പറയുന്നതിൽ യാഥാർത്ഥ്യമുണ്ട്. പക്ഷേ അതേസമയം ഇവിടെ ജോലി ചെയ്യുന്ന സാധാരണക്കാരായ കുറെ തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് തീരുമാനം ഉണ്ടാകേണ്ടത് ആവശ്യമാണ്. ജീവനക്കാരിൽനിന്നും പിടിച്ചുവച്ച പി.എഫ്. തുക അടയ്ക്കാത്തതിൽ കേസുണ്ട്. സാധാരണ ഇത്തരം കേസുകളിൽ ഗഡുക്കളായി അടയ്ക്കാനാണ് തീരുമാനിക്കേണ്ടത്. പക്ഷേ ഗവൺമെന്റിന്റെ കത്തുപ്രകാരം അവർ കോടതിയിൽനിന്നും സ്റ്റേ ചെയ്തുപോയി. അതുകൊണ്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യമാണ് വന്നിട്ടുള്ളത്. ശമ്പളത്തിലും മറ്റിനങ്ങളിലും ധാരാളം കുടിശ്ശിക നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ സ്ഥാപനം എങ്ങനെ പുനരുദ്ധരിക്കാൻ കഴിയുമെന്ന് കാര്യമായി ആലോചിക്കണം. ഈ സ്പിന്നിംഗ് മില്ലിൽതന്നെ പത്ത് ഏക്കറോളം സ്ഥലം ഉപയോഗശൂന്യമായുണ്ട്. ആ സ്ഥലം സ്വാഭാവികമായും ഈ മില്ലിന്റെ വികസനത്തിന് ആവശ്യമായി വരുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ പ്രദേശം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തി മറ്റ് സ്ഥാപനങ്ങൾ

കൊണ്ടുവരാനും തൊഴിലാളികൾക്കുതന്നെ കൂടുതൽ സംരക്ഷണം കൊടുക്കാൻ കഴിയുന്നതിനെ സംബന്ധിച്ചും അങ്ങ് ഗൗരവമായി ആലോചിക്കണം. ടി വിഷയം നേരത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

അതുപോലെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ആരംഭിച്ച സ്ഥാപനമാണ്. ഇത് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ട്രാൻസ്ഫോർമറുകൾ മറ്റിടങ്ങളിലും നല്ല വിപണന സാധ്യതയുള്ളതാണ്. ഏകദേശം 85 ട്രാൻസ്ഫോർമറുകൾ മാത്രമാണ് ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്നത്. വാസ്തവത്തിൽ ധാരാളം ട്രാൻസ്ഫോമറുകളും കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ സാധനങ്ങളും നിർമ്മിച്ചുനൽകാൻ കഴിയുന്ന യൂണിറ്റാണ്. ഇവിടെ ഇതിനാവശ്യമായ മൂലധനം ലഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ജീവനക്കാർ ഇതുവരെ സമരം ചെയ്തിട്ടില്ലാത്ത സ്ഥാപനമാണ്. എന്നാൽ ജീവനക്കാർക്ക് കുടിശ്ശിക നൽകാനുമുണ്ട്. ലീവ് സറണ്ടർ, ബോണസ് എന്നീ കാര്യങ്ങളിൽകൂടി ചർച്ച നടത്തേണ്ടതുണ്ട്. അവിടെ ബാക്കിയുള്ള രണ്ടേക്കർ സ്ഥലം കെൽ-ന്റെ

വികസനത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. കെൽ ലാഭകരമാക്കുന്നതിനെ സംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു. കെ.എസ്.ഇ.ബി. ധാരാളം ട്രാൻസ്ഫോർമറുകളും അനുബന്ധകാര്യങ്ങളും വാങ്ങുന്നുണ്ട്. അതൊക്കെ പുറത്തുനിന്നും ലേലം ചെയ്ത് വാങ്ങുകയാണ്. കെൽ ഉൽപ്പാദിക്കുന്ന സാധനങ്ങൾ ഗുണനിലവാരമുള്ളതുമാണ്. സ്വാഭാവികമായും അത്തരം സാധനങ്ങൾക്ക് വില വർദ്ധനവുണ്ടാകും. കെ.എസ്.ഇ.ബി.-യുടെ ടെണ്ടർ സംവിധാനത്തിൽ ഇവർക്ക് പങ്കെടുക്കാൻ സാങ്കേതികമായ പ്രശ്നങ്ങളുമുണ്ട്. ഈ സാഹചര്യങ്ങളിൽ ടി വ്യവസായം കെ.എസ്.ഇ.ബി.-യുമായി സഹകരിച്ച് മെച്ചപ്പെടുത്താനും ലാഭകരമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട തിരൂരങ്ങാടി എം.എൽ.എ. വളരെ ഗൗരവമേറിയ പ്രശ്നമാണ് ശ്രദ്ധയിപ്പെടുത്തിയത്. അദ്ദേഹം മുമ്പ് നിവേദനങ്ങളിലൂടെയും ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ടെക്സ്റ്റൈൽ, ഇലക്ട്രിക്കൽ എന്നീ രണ്ടുമേഖലകളാണ്

പ്രതിസന്ധി അഭിമുഖീകരിക്കുന്നത്. കോട്ടന്റെ വില വലിയ രീതിയിൽ വർദ്ധിക്കുകയും നൂലിന്റെ വില ആനുപാതികമായി വർദ്ധിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഒരു കിലോ നൂൽ ഉൽപാദിപ്പിക്കുമ്പോൾ എല്ലാ മില്ലുകളിലുമായി ശരാശരി 60/- രൂപ നഷ്ടമുണ്ടാകുന്നുണ്ട്. മോഡേണൈസ് ചെയ്ത മില്ലുകളിലാണെങ്കിൽ ഇത് 32/- രൂപയും മറ്റ് സ്ഥലങ്ങളിൽ 68/- രൂപ മുതൽ 70/- രൂപവരെയുമാകും. ഇതാണ് ഇപ്പോഴത്തെ പ്രതിസന്ധിയുടെ പ്രധാനപ്പെട്ട കാരണം. ഇത് പരിഹരിക്കുന്നതിനായി കോട്ടൺ ബോർഡ് രൂപീകരണം ഉൾപ്പെടെയുള്ള ചില നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഈ പ്രതിസന്ധി നിലനിൽക്കുന്നതിനാൽ എടരിക്കോട് ടെക്സ്റ്റൈൽസ്

ഡിസംബർ മാസം 18-ാം തീയതി മുതൽ ലേ-ഓഫിലാണ്. അവിടത്തെ തൊഴിലാളികൾക്കും കുറച്ച് ആനുകൂല്യങ്ങൾ നൽകാനുണ്ടെന്നത് ഒരു വസ്തുതയാണ്. 5 കോടി രൂപ ടെക്സ്റ്റൈൽ കോർപ്പറേഷനുവേണ്ടി അനുവദിച്ചിട്ടുള്ളതിൽ 1.15 കോടി രൂപ എടരിക്കോട് ടെക്സ്റ്റൈൽസിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. അവിടത്തെ പ്രധാനപ്പെട്ട പൊതുവായ പ്രശ്നം, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി

ഉപയോഗിക്കാൻ സാധിക്കുമോയെന്നുള്ളതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ മാപ്പിംഗ് നടത്തിയിട്ടുണ്ട്. ഐ.ടി. ഉൾപ്പെടെയുള്ള സാധ്യതകൾക്കുവേണ്ടി പരിഗണിക്കണമെന്ന് അങ്ങ് ശ്രദ്ധയിപ്പെടുത്തിയിട്ടുണ്ട്. എടരിക്കോട് 10 ഏക്കർ ഭൂമി വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി കെൽ-ന്റെ ഉടമസ്ഥതയിലോ പങ്കാളിത്തത്തിലോ നിലനിർത്തിക്കൊണ്ട് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിൽ ഉപയോഗിക്കാം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ മുൻകൈ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ഇലക്ട്രിക്കൽ മേഖല എന്നുപറയുന്നത് പ്രതിസന്ധിയുള്ള മേഖലയാണ്. അതിന്റെ കാരണം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കെ.എസ്.ഇ.ബി.-യിൽനിന്നും റേറ്റ് കോൺട്രാക്ടിലാണ് ഉൽപന്നങ്ങൾ ലഭിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ കെ.എസ്.ഇ.ബി. ടെണ്ടർ സംവിധാനത്തിലേക്ക് മാറിയതിന്റെ ഭാഗമായി നമുക്ക് റേറ്റ് കോൺട്രാക്ട്

രൂപത്തിൽ ഉൽപ്പന്നങ്ങൾ ലഭിക്കുന്നില്ല. എന്നാൽ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് റേറ്റ് കോൺട്രാക്ട് ലഭിക്കുകയും ചെയ്യുന്നുണ്ട്. കെൽ-ന്റെ വിറ്റുവരവ് 2021-22 വർഷത്തിൽ 5.92 കോടി രൂപയായിരുന്നു. എന്നാൽ കെൽ-ന്റെ മാർക്കറ്റിംഗ് വിഭാഗത്തിന് ടാർഗറ്റ് നൽകിയതിലൂടെ 2022-23 വർഷത്തിൽ 9.24 കോടി രൂപയായും 2023-24-ൽ 11.64 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ആവശ്യമായ വർക്കിംഗ് ക്യാപിറ്റൽ കൃത്യസമയത്ത് ലഭിക്കാതെ വന്നതിന്റെ പരിമിതിയും കെൽ നേരിടുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു യോഗം കെ.എസ്.ഇ.ബി.-യുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മറ്റൊരു യോഗവും നടത്തിയിട്ടുണ്ട്. അതിൽ തീരുമാനമുണ്ടായാൽ കെൽ-നെ സംബന്ധിച്ച് കുറച്ചുകൂടി മാറ്റം ഉണ്ടാക്കാൻ സാധിക്കും. കൂടാതെ, ഗവൺമെന്റ് ഈ ബഡ്ജറ്റിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് നൽകുന്നതിന് പ്രത്യേകമായ വകയിരുത്തൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടി ചേർത്ത് കെൽ-നെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. എ. മജീദ്: സർ, കെ.എസ്.ഇ.ബി., കെൽ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളാണ്. സാധാരണഗതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിൽ ഇങ്ങനെ കരാറിൽ മത്സരിക്കേണ്ട കാര്യമില്ല. ടെണ്ടർ ഇല്ലാതെതന്നെ കെൽ-ന്റെ ഉൽപ്പന്നങ്ങൾ കെ.എസ്.ഇ.ബി.-യ്ക്ക് വിതരണം ചെയ്യുന്നതായിരുന്നു മുമ്പുണ്ടായിരുന്ന സിസ്റ്റം. കെ.എസ്.ഇ.ബി-യ്ക്കാവശ്യമായ പുതിയ ഉൽപന്നങ്ങൾ വരേണ്ടതുണ്ട്, അവയെല്ലാം നിർമ്മിക്കുന്നതിന് ഇപ്പോഴത്തെ കെൽ-ന് സാധിക്കും. അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യ്ക്കാവശ്യമായ കാര്യങ്ങളെല്ലാം ചെയ്യാൻ സാധിക്കുന്ന കെൽ-നെ നല്ല നിലവാരവും ഗുണമേന്മയുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിനും കെ.എസ്.ഇ.ബി. അവ വാങ്ങുന്നതിനുംവേണ്ടി അങ്ങും വൈദ്യുതി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ഒരു തീരുമാനമെടുക്കാൻ ദയയുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി-യ്ക്കുവേണ്ടി കെൽ, TELK (Transformers and Electricals Kerala Limited), ട്രാക്കോ

കേബിൾ കമ്പനി എന്നീ സ്ഥാപനങ്ങൾ ഒരു കൺവേർഷൻ മാത്രമാണ് ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഒരു നിർദേശം വയ്ക്കുകയുണ്ടായി. കെ.എസ്.ഇ.ബി. അസംസ്കൃത വസ്തുക്കൾ വാങ്ങിനൽകുകയും അവർക്കാവശ്യമായ ഉൽപന്നമാക്കി നൽകുകയും ചെയ്താൽ കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ സ്ഥാപനങ്ങൾക്ക് മുമ്പോട്ടുപോകാൻ സാധിക്കും. അതല്ലാതെ ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ പവർ ഫിനാൻസ് കോർപ്പറേഷൻ പണം നൽകുകയും അസംസ്കൃത വസ്തുക്കൾ വാങ്ങി ഉൽപന്നമാക്കി നൽകുകാനും സാധിക്കും. ഉൽപ്പന്നങ്ങൾ റേറ്റ് കോൺട്രാക്ടിലെടുക്കണമെന്ന പൊതുനിലപാടാണ് സർക്കാരിനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കെ.എസ്.ഇ.ബി.-യുമായി യോഗം ചേരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിനുശേഷം ഈ വിഷയത്തിൽ വ്യക്തമായ തീരുമാനം എടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.